പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**02.04.2018** ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം. **617**

## ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ

ചോദ്യം

ശ്രീ. കെ.എൻ.എ.ഖാദർ
ശ്രീ. എൻ.ഷംസുദ്ദീൻ
ഡോ. പി.കെ. അബ്ദു റബ്ബ്
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

(എ) അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾ പ്രവർത്തിക്കുന്നതിന് നിലവിൽ സർക്കാർ നിർബന്ധമാക്കിയിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിനായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) അഞ്ച് ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള വൻകിട ക്വാറികൾക്ക് ബാധകമായ നിബന്ധനകളും ഫീസ് നിരക്കുകളും അറിയിക്കാമോ;

മറുപടി

എ.സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)

(എ)
(ബി) അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിനും ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിനും താഴെ വിവരിക്കുന്ന അനുമതികൾ ആവശ്യമാണ്.

1. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന ക്വാറിയിംഗ് പെർമിറ്റ്/ ക്വാറിയിംഗ് ലീസ്. പെർമിറ്റ്/ലീസ് കാലാവധി തീരുന്ന മുറയ്ക്ക് ഖനനപ്രവർത്തനങ്ങൾ തുടരുന്നതിനായി മേൽ ചട്ടങ്ങൾ പ്രകാരം ആയത് പുതുക്കേണ്ടതാണ്.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഡി & ഒ ലൈസൻസ്
3. എക്സ്പ്ലോസീവ് ലൈസൻസ്
4. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസന്റ് റ്റു ഓപ്പറേറ്റ്.
5. പാരിസ്ഥിതികാനുമതി (അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന DEIAA യിൽ നിന്നും അഞ്ച് ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള വൻകിട ക്വാറികൾക്ക് SEIAA യിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി നൽകുന്നത്).
6. റവന്യൂ പുറമ്പോക്കിൽ ഖനനം ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം
7. പ്രത്യേകാവശ്യത്തിനായി പതിച്ചുകൊടുത്ത ഭൂമിയല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.

(സി) അഞ്ച് ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് ബാധകമായ നിബന്ധനകളും ഫീസ് നിരക്കുകളും ചുവടെ ചേർക്കുന്നു.

| അനുമതി | ഫീസ് |
|---|---|
| ക്വാറിയിംഗ് ലീസ് | 10000/- രൂപ |
| ഡി & ഒ ലൈസൻസ് | മുതൽ മുടക്കിന് ആനുപാതികമായി 500 രൂപ |

| | |
|---|---|
| | മുതൽ 15000/- രൂപ വരെയാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. |
| എക്സ്പ്ലോസീവ് ലൈസൻസ് | കേന്ദ്ര വ്യവസായ വാണിജ്യവകുപ്പിന്റെ എക്സ്പ്ലോസീവ് ചട്ടങ്ങൾ, 2013 പ്രകാരം വാങ്ങി ശേഖരിച്ച് ഉപയോഗിക്കുന്ന എക്സ്പ്ലോസീവിന് ആനുപാതികമായ ഫീസ് ഒടുക്കേണ്ടതാണ്. |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസന്റ് റ്റു ഓപ്പറേറ്റ് | മുതൽ മുടക്കിന് ആനുപാതികമായി 500 രൂപ മുതൽ ഫീസ് ആരംഭിക്കുന്നു. |
| പാരിസ്ഥിതികാനുമതി | 5 മുതൽ 10 വരെ ഹെക്ടർ സ്ഥലത്തിന് 2 ലക്ഷം രൂപ, 10 ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള സ്ഥലത്തിന് 2.50 ലക്ഷം രൂപ |

കൂടാതെ ഖനനം ചെയ്യുമ്പോൾ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ഷെഡ്യൂൾ I/III/V പ്രകാരമുള്ള നിരക്കുകളിൽ റോയൽറ്റിയും റവന്യൂ ഭൂമിയാണെങ്കിൽ റവന്യൂ വകുപ്പ് നിശ്ചയിച്ചിരിക്കുന്ന സീനിയറേജും ഒടുക്കേണ്ടതാണ്. റോയൽറ്റിയുടെ 10% തുക ക്വാറി സേഫ്റ്റി ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

റവന്യൂ പുറമ്പോക്കിൽ ഖനനം ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം ഹാജരാക്കേണ്ടതാണ്. പ്രത്യേകാവശ്യത്തിനായി പതിച്ചുകൊടുത്ത ഭൂമിയല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും നിർബന്ധമാണ്.

(ഡി) ക്വാറികളുടെ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് തീർപ്പാകാതെയുള്ള അപേക്ഷകളിൽ അടിയന്തരമായി തീരുമാനമെടുക്കാമോ?

(ഡി) 09.03.2018 ൽ വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ 28.12.2016, 28.03.2017, 22.01.2018, 01.03.2018 (വീഡിയോ കോൺഫറൻസ്) എന്നീ തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും 28.04.2017 (വീഡിയോ കോൺഫറൻസ്),

27.07.2017, 28.07.2017 എന്നീ തീയതികളിൽ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ